പതിമൂന്നാം കേരള നിയമസഭ
നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 1073

20/03/2012-ൽ മറുപടി
നല്കേണ്ടത്

ഭൂരഹിതരായവർക്ക് ഭൂമി നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.എ. മാധവൻ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഭൂരഹിതരായ എല്ലാവർക്കും ഭൂമി നൽകാൻ സർക്കാർ പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ; എങ്കിൽ വിശദീകരിക്കുമോ; | (എ) കേരള സംസ്ഥാനത്തെ 2015-ാം മാണ്ടോടുകൂടി ഭൂരഹിതരല്ലാത്ത സംസ്ഥാനമാക്കി മാറ്റുന്നതിനായാണ് Zero landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ മുന്നോടിയായി ഭൂമി പതിവിനുള്ള അപേക്ഷ 23/01/2012ലെ ജി.ഒ. (പി) 31/2012/റവന്യൂ പ്രകാരം ഭേദഗതി വരുത്തിയിട്ടുള്ളതും ഭേദഗതി വരുത്തിയ അപേക്ഷാ ഫാറത്തിന്റെ വിതരണം വില്ലേജാഫീസുകൾ മുഖേന 09/03/2012 മുതൽ ആരംഭിച്ചിട്ടുള്ളതുമാണ്. 18/06/2012 വരെ പൂരിപ്പിച്ച അപേക്ഷകൾ വില്ലേജാഫീസുകളിൽ സ്വീകരിക്കുന്നതും തുടർന്ന് ജില്ലാ ഐ.റ്റി. സെല്ലുകളുടെ സഹായത്തോടുകൂടി അപേക്ഷകളിന്മേലുള്ള നടപടികൾ പൂർത്തീകരിച്ച് 15/08/2012ന് (സ്വാതന്ത്ര്യദിനത്തിൽ) സംസ്ഥാനത്താകെയുള്ള ഭൂരഹിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ച് 2015-ഓടുകൂടി കേരളത്തെ ഭൂരഹിതരില്ലാത്ത സംസ്ഥാനമാക്കി മാറ്റുക എന്നതാണ് ലക്ഷ്യം. |
| (ബി) സംസ്ഥാനത്ത് സ്വന്തമായി ഭൂമി ഇല്ലാത്ത എത്ര കുടുംബങ്ങളാണുള്ളതെന്ന് അറിയിക്കാമോ; | (ബി) Zero landless (citizens) Kerala 2015 പദ്ധതി പ്രകാരമുള്ള അപേക്ഷകളിന്മേൽ നടപടികൾ പൂർത്തീകരിച്ച് 15/08/2012ന് സംസ്ഥാനത്ത് ആകെയുള്ള ഭൂരഹിതരുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന മുറയ്ക്ക് പ്രസ്തുത വിവരം കൃത്യമായി അറിയുവാൻ സാധിക്കുകയുള്ളൂ. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കുടുംബങ്ങൾക്ക് പട്ടയം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) പട്ടയം നൽകിയവരുടെ ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) പട്ടയവിതരണം ത്വരിതപ്പെടുത്താൻ എന്തെല്ലാം പദ്ധതികളാണ് സർക്കാർ തയ്യാറാക്കുന്നതെന്ന് അറിയിക്കാമോ? | (ഡി) സംസ്ഥാനത്തെ മുഴുവൻ ഭൂരഹിതർക്കും 2015-ാം മാണ്ടോടുകൂടി ഭൂമി നല്കുന്നതിന് Zero landless (citizens) Kerala 2015 എന്ന പദ്ധതി സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ

<u>അനുബന്ധം</u>

| ജില്ല | കളക്ടറുടെ ഫയൽ നമ്പരും തീയതിയും | വിതരണം ചെയ്ത പട്ടയങ്ങൾ |
|---|---|---|
| തിരുവനന്തപുരം | B3-26988/12, 16/03/2012 | 978 |
| കൊല്ലം | L1-6352/12, 16/03/2012 | 429 |
| പത്തനംതിട്ട | C6-395/12, 16/03/2012 | 406 |
| ആലപ്പുഴ | C7-13321/12, 16/03/2012 | 978 |
| കോട്ടയം | E1-1058/12, 16/03/2012 | 598 |
| ഇടുക്കി | C12-10176/12, 16/03/2012 | 2150 |
| എറണാകുളം | L1-17451/12, 15/03/2012 | 2022 |
| തൃശ്ശൂർ | B2-17600/12, 15/03/2012 | 551 |
| പാലക്കാട് | L.R.G6-2010/38671/9, 17/03/2012 | 2637 |
| മലപ്പുറം | C1-45431/2011(3), 15/03/2012 | 1960 |
| കോഴിക്കോട് | L2-11128/2012(2), 15/03/2012 | 1387 |
| വയനാട് | L6-408/12(2), 16/03/2012 | 216 |
| കണ്ണൂർ | 2012/13211/13/L3, 17/03/2012 | 1287 |
| കാസർഗോഡ് | 13254/2012/C3, 16/03/2012 | 870 |
| | ആകെ | 16469 |